## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1768 | 14.07.2011-ൽ മറുപടിയ്ക്ക് |
|---|---|

### പകർച്ച വ്യാധികളെ തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| എ) | കാലവർഷം ശക്തിപ്പെട്ടതോടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പനിബാധിതരുടെ എണ്ണം കൂടി വരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശംങ്ങൾ നൽകുമോ; | എ) | പരിശോധിച്ചിട്ടുണ്ട്. കാലവർഷം ശക്തിപ്പെട്ടതോടുകൂടി ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 പനി, മലമ്പനി മുതലായ സാംക്രമിക രോഗങ്ങളും കൂടുതലായി സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. കൂടാതെ സാധാരണ പനി ബാധിതരുടെ എണ്ണത്തിലും വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ എന്തൊക്കെ സൗകര്യ ങ്ങൾ ഏർപ്പെടുത്തു മെന്നറിയിക്കുമോ? | ബി) | പനിബാധിതർക്ക് തക്കതായ ചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യത്തിന് മരുന്ന്, അണുനാശിനി മുതലായവ ആശുപത്രികളിൽ ലഭ്യമാക്കി യിട്ടുണ്ട്. പനിബാധിതരെ പ്രത്യേകം ചികിത്സിക്കുന്നതിലേക്കായി പ്രധാന ആശുപത്രികളിൽ വാർഡുകളും സജ്ജീകരി ച്ചിട്ടുണ്ട്.<br>പനിബാധിതർ കൂടുതലാകുന്ന സമയത്ത് പ്രത്യേക ഒ.പി. പ്രവർത്തിപ്പി ക്കുവാനുള്ള നിർദ്ദേശവും എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. ആവശ്യത്തിന് ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനായി ആംബുലൻസ് സംവിധാനവും ഒരുക്കിയി ട്ടുണ്ട്. പരിശോധനകൾ യഥാസമയം നടത്തുന്നതിലേക്കായി ലാബോറട്ടറികളും സജ്ജമാണ്. |

സെക്ഷൻ ഓഫീസർ

R